**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2701 — 21/06/2012-ൽ മറുപടിയ്ക്ക്

## കൊയിലാണ്ടി ഉള്ളൂർ കടവ് പാലത്തിന്റെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി മണ്ഡലത്തിൽ മുൻ സർക്കാർ ഭരണാനുമതി നൽകിയ ഉള്ളൂർ കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (എ) | ഉള്ളൂർ കടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചെങ്ങോട്ടുകാവ് ഭാഗത്ത് സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. ഉള്ളിയേരി ഭാഗത്ത് ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ അതിരുകൾ അടയാളപ്പെടുത്തുന്ന പ്രവൃത്തി സ്ഥലമുടമകളുടെ എതിർപ്പ് കാരണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഇതിനു വേണ്ടി സമവായം ഉണ്ടാക്കുന്നതിന് സ്ഥലമുടമകളുമായി ചർച്ചകൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ലാന്റ് അക്വിസിഷൻ നടപടികൾ എപ്പോൾ പൂർത്തീകരിക്കുമെന്നും പി. ഡബ്ല്യു.ഡി.ക്ക് ഭൂമി എപ്പോൾ വിട്ടുകൊടുക്കാൻ കഴിയുമെന്നും പറയാമോ ; | (ബി) | സ്ഥലമുടമകളുമായി സമവായത്തിൽ എത്തിക്കഴിഞ്ഞാൽ സ്ഥലമേറ്റെടുക്കൽ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണ്. |
| (സി) | ഇതിനുവേണ്ടി നടപടി ത്വരിതപ്പെടുത്തുമോ ? | (സി) | ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ.